# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ഗവണ്മെന്റ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ, പരിയാരം

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : കണ്ണൂർ |
| സ്കൂൾ കോഡ് | : 13986 |
| സ്കൂളിന്റെ പേര് | : ഗവ. മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ ,പരിയാരം |
| മേൽവിലാസം | : മെഡിക്കൽ കോളേജ് പി ഒ കണ്ണൂർ |
| പിൻകോഡ് | : 670503 |
| ഫോൺ നമ്പർ | : 04972808840 |
| ഇമെയിൽ അഡ്രസ് | : medicalcollegepublicschool@gmail.com |
| ഗ്രാമ പഞ്ചായത്ത് | : കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ |
| മാനേജ്മെന്റ് | : ഗവൺമെന്റ് |
| പഠനമാധ്യമം | : ഇംഗ്ലീഷ് |

# ഗവൺമെന്റ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ – ചരിത്രം

കണ്ണൂർ അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് പരിയാരത്തിന്റെ ഭാഗമായി, മെഡിക്കൽ കോളേജ് കാമ്പസ്സിൽ പരിയാരം മെഡിക്കൽ കോളേജ് പബ്ലിക്ക് സ്കൂൾ 2003 ൽ പ്രവർത്തനം ആരംഭിച്ചു. കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തായി നാഷണൽ ഹൈവേയോട് അടുത്ത് 5 ഏക്കർ പ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രീ പ്രൈമറി തലം മുതൽ പത്താം ക്ലാസ്സ് വരെയായി ഉന്നതനിലവാരത്തിൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു. സി ബി എസ് സി സിലബസിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം എക്കാലത്തും 100% വിജയം ഉറപ്പാക്കിയിരുന്നു. കലാ-കായിക, ശാസ്ത്ര വിഷയങ്ങളിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് സാധിച്ചിരുന്നു. കടന്നപ്പള്ളി-പാണപ്പുഴ, ചെറുതാഴം ഏഴോം, പരിയാരം, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തുകളിലെ കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷമൊരുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. 2019 മാർച്ച് മാസത്തിൽ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും സർക്കാർ ഏറ്റെടുത്തതോടെ മെഡിക്കൽ കോളേജ് പബ്ലിക്ക് സ്കൂൾ കേരള പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലായി. സ്കൂളിൽ നിലവിൽ 400 ൽ പരം വിദ്യാർത്ഥികളും 17 സ്ഥിരം അധ്യാപകരും 4 അനധ്യാപകരും 1 ദിവസവേതന അധ്യാപകരുമുണ്ട്. സേവന തല്പരരായ രക്ഷാകർത്തൃസമിതി സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് താങ്ങായുണ്ട്. പുതിയ സ്കൂൾ കെട്ടിടം ടോയ്‌ലറ്റ് സൗകര്യം ശുദ്ധജലവിതരണ സംവിധാനങ്ങൾ തുടങ്ങിയവ സർക്കാർ ഇടപെടലുകളുടെ ഫലമായി ലഭിച്ചിട്ടുണ്ട് . തികഞ്ഞ അച്ചടക്കം, മികച്ച അക്കാദമിക നിലവാരം, സാമൂഹിക പ്രതിബദ്ധത, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ, ലഹരിമുക്ത പ്രവർത്തനങ്ങൾ എന്നിവ സ്കൂളിന്റെ മുഖമുദ്രകളാണ്.

കണ്ണൂർ ജില്ലയിൽ ഇന്ന് അക്കാദമികനിലവാരത്തിൽ മുൻപന്തിയിൽ എത്തിയ സ്കൂൾ , കൂടുതൽ കുട്ടികൾ ഗ്രേസ് മാർക്കില്ലാതെ എൾ എ പ്ലസ് നേടുന്ന സ്കൂൾ , പാഠേതര രംഗത്ത് മികവ് പുലർത്തുന്ന സ്കൂൾ എന്നിങ്ങനെ അറിയപ്പെടുന്ന സ്കൂളാണ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാഡമിക ലക്ഷ്യങ്ങൾ പൂർത്തിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാഡമിക മാസ്റ്റർപ്ലാൻ.

## അക്കാദമിക നേട്ടങ്ങൾ

കണ്ണൂർ ജില്ലയിൽ 100% വിജയം നേടുന്ന സ്കൂളും അതുപോലെ ഗ്രേസ് മാർക്കില്ലാതെ കൂടുതൽ ഫുൾ എ പ്ലസും നേടുന്ന സ്കൂളായും മാറാൻ കഴിഞ്ഞു. NMMS, USS, LSS പോലെയുള്ള മത്സര പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ജെ ആർ സി, സ്കൗട്ട് തുടങ്ങിയ സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വളർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ കൂടുതൽ വിജയം നേടുന്നു. എങ്കിലും സ്കൂളിൽ നിലവിൽ ഒരു ഹൈ ടെക് ക്ലാസ് മുറിപോലുമില്ല.എല്ലാ ക്ലാസ് മുറികളും ഹൈ ടെക് പദവിയിലോട്ട് എത്തേണ്ടതുണ്ട്. സോഷ്യൽ സയൻസ് ,ഗണിതലാബ് ഇവ പ്രത്യേകമായി ഇല്ല. സയൻസ് ലാബിൽ പരിമിതികളും ഏറെ ഉണ്ട്. നിരീക്ഷിച്ചും അന്വേഷിച്ചും പഠിക്കുക എന്നത് പൂർണമായ തോതിൽ നടപ്പിലാക്കുന്നതിന് ഇതു ഒരു വിലങ്ങുതടിയായി മാറുന്നു. ഒരു സജ്ജമായ ഐ ടി ലാബിന്റേയും അഭാവമുണ്ട്. കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ഭൗതിക നേട്ടങ്ങൾ

കുട്ടികൾക്ക് വായിക്കാനാവശ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ ഒരുക്കിയിട്ടുണ്ട്. വലിയ ഒരു ഓഡിറ്റോറിയം സ്കൂളിന് മുതൽക്കൂട്ടായിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ മൂന്നു ടോയ്ലറ്റ് ബ്ലോക്കുകളുണ്ട്. ടൈൽസ് പാകിയ പുതിയ മൂന്ന് പുതിയ ക്ലാസ് മുറികൾ എം ൽ എ ഫണ്ടിൽ നിന്നും സ്കൂളിന് ലഭിച്ചിട്ടുണ്ട്.

## പരിമിതികൾ

ലൈബ്രറിയിൽ ആവശ്യത്തിന് ബുക്കുകൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഒരുക്കിവെക്കുന്നതിനുള്ള സൗകര്യമില്ലാത്ത അവസ്ഥയാണുള്ളത്. റീഡിങ് റൂം സൗകര്യം അപര്യാപ്തമാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണം ഒരുക്കുവാനുള്ള ഭക്ഷണശാല നിലവിൽ സ്കൂളിലില്ല. ആധുനിക സൗകര്യത്തോടുകൂടിയ ഭക്ഷണശാല ഒരുക്കേണ്ടതുണ്ട്. ഇതിൽ ആവശ്യത്തിന് പാത്രങ്ങളും മറ്റും ലഭ്യമാക്കേണ്ടതുണ്ട്. കായികവിനോദങ്ങൾക്കായുള്ള കളിസ്ഥലത്തിന്റെ അഭാവം കായികപഠനം കാര്യക്ഷമമാക്കുന്നതിനു വിലങ്ങുതടിയായി മാറിയിട്ടുണ്ട്.

## വികസന ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് പഠനം ഈസിയാക്കൽ
- ഭാഷ ശേഷി വികസനം
- ഗണിതശേഷി വികസനം
- വായനശേഷി പരിപോഷിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി വികസനം
- ജൈവവൈവിധ്യപാർക്ക് പരിപോഷിപ്പിക്കൽ
- സ്കോളർഷിപ് പരീക്ഷ പരിശീലനം
- പഠനയാത്രകൾ
- പച്ചക്കറിത്തോട്ടം
- പ്രവർത്തിപരിചയ പരിശീലനം
- അധ്യാപക ശാക്തീകരണം
- കലാപരിപോഷണം
- സാഹിത്യശില്പശാലകൾ
- മെഡിക്കൽ ക്യാമ്പുകൾ
- ദിനാചരണങ്ങൾ
- കായികശേഷി വികസനം
- ചിത്രരചനാ ക്യാമ്പ്
- ഐ ടി പഠനം കാര്യക്ഷമമാക്കൽ
- ശാസ്ത്രമേളകൾ, പ്രവർത്തിപരിചയമേളകൾ
- ക്ലാസ് പി ടി എ

| മേഖല - മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതികം** | **ചുമതല** |
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമിക്കുക<br>• വാക്യങ്ങൾ നിർമിക്കൽ<br>• ചിത്രം -കഥയെഴുതൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>• ക്ലാസ് വായനക്കൂട്ടം | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി ടി എ , അധ്യാപകർ |
| 2.കുട്ടിയെ മികച്ച വായനക്കാരനാക്കുക | • സ്കൂൾ ലൈബ്രറി<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം<br>• പത്രവായന<br>• പുസ്തകചർച്ച<br>• വായനാനുഭവം<br>• വായനക്കുറിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ദിനാചരണം<br>• ആനുകാലിക | 6 മാസം | ക്ലാസ് ലൈബ്രറി,<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികപ്രസിദ്ധീകരണങ്ങൾ<br>കംപ്യൂട്ടർ | പി ടി എ<br>അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| | പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദകരമായ വായന | | | |
| 3. കുട്ടികളെ മികച്ച എഴുത്തുകാരാക്കുക | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• വായന കുറിപ്പ്<br>• ചുമർ പത്രിക , പതിപ്പ് തയ്യാറാക്കൽ<br>• വ്യക്തിഗത രചന, സംഘ രചന<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 മാസം | പുസ്തകങ്ങൾ,<br>ലൈബ്രറി പുസ്തകങ്ങൾ ,ഫോട്ടോകൾ | പി ടി എ , അദ്ധ്യാപകർ |
| 4.സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | • പ്രസംഗ പരിശീലന കളരി<br>• വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ<br>• പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദി | 6 മാസം | ഓഡിയോ<br>വീഡിയോ | അധ്യാപകർ<br>പി ടി എ |

# മേഖല – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ആത്മവിശ്വാസ ത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ്<br>ക്ലാസ് ഇംഗ്ലീഷ്<br>ലൈബ്രറി നവീകരണം<br>ഇംഗ്ലീഷ് കാർട്ടൂൺപ്രദർശനം<br>ഇംഗ്ലീഷ്അസ്സെംബ്ലി | അവധിക്കാലം<br>ശനിയാഴ്ച്ചകൾ | പി ടി എ , അധ്യാപകർ | പി ടി എ |
| 2.ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കു അവസരം ഒരുക്കുക | ഇംഗ്ലീഷ് സിനിമയുടെ രംഗങ്ങളുടെ പ്രദർശനം<br>റോൾപ്ലേ ഇംഗ്ലീഷ് ഡേ ആചരണം<br>സെമിനാർ ചർച്ചകൾ<br>കൊറിയോഗ്രാഫി തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തുക | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി ടി എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3. സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജമാക്കുക | അക്ഷര കാർഡ്, പദകാർഡ് , വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളോടൊപ്പം | പി ടി എ ,അധ്യാപകർ എസ് ആർ ജി | ഇംഗ്ലീഷ് ക്ലബ്ബ് |
| 4.നാടകീകരണം | ഇംഗ്ലീഷ്അസ്സെംബ്ലി<br>ഇംഗ്ലീഷ് ക്ലബ്ബ് സ്കിറ്റ് പപ്പറ്റ് ഷോ ഇംഗ്ലീഷ് ലാബ് | ശനിയാഴ്ച്ചകൾ | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |
| 5.കവിതാലാപനത്തി | ഇംഗ്ലീഷ് ഓഡിയോ | ക്ലാസ്സ്‌റൂം പ്രവർത്തനങ്ങളോടൊപ്പം | | |

| | | | | |
|---|---|---|---|---|
| നം കവിത രചനക്കും പ്രാപ്തരാക്കുക | കേൾക്കാനുള്ള അവസരം കവിത രചന ആലാപന മത്സരങ്ങൾ ആസ്വാദനക്കുറിപ്പ് | ശനിയാഴ്ചകൾ | അധ്യാപകർ<br>പി ടി എ<br>എസ് ആർ ജി | പി ടി എ<br>ഇംഗ്ലീഷ് ക്ലബ്ബ് |
| 6. സംവാദ സദസ്സ് സംഘടിപ്പിക്കുക | നേറ്റീവ് സ്പീക്കർസിനോടൊത്തു സമയം ചെലവഴിക്കാനുംസംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുക | ശനിയാഴ്ചകൾ | അധ്യാപകർ<br>പി ടി എ | പി ടി എ<br>ഇംഗ്ലീഷ് ക്ലബ്ബ് |

# മേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ വായന കവിതാവായന എന്നിവക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക | |
| 2. മാതൃഭാഷയെ പോലെ ഹിന്ദിയും അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ടു കഥകൾ നോവലുകൾ എന്നിവയ്ക്കുള്ള അവസരം | ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപിക | |
| 3.വാർത്ത വായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലിക്കായി കുട്ടികളെ പ്രാപ്തരാക്കുക | പ്രശസ്ത ഹിന്ദി ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുക | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപിക | പി ടി എ<br>രക്ഷിതാക്കൾ |

| മേഖല - ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | രക്ഷിതാക്കൾ |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെപ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | പി ടി എ |
| ഗണിത ആശയങ്ങളിൽ നിന്നുമുടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാലകൾ ക്ലബ്ബ്പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | പി ടി എ |
| സംഘ ബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘ തലവൻ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികളെ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ അവധിദിവസങ്ങളിലും | ഗണിതഅധ്യാപകർ | ഗണിതക്ലബ്ബ് രക്ഷിതാക്കൾ |
| ഗണിത മേളകളിൽ ഊർജ്ജസ്വലത കൈവരിക്കാൻ | ക്ലബ്ബ് പ്രവർത്തനങ്ങൾ മത്സരങ്ങൾക്ക് പ്രാപ്തരാക്കാൻ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പി ടി എ | പി ടി എ |
| ഗണിത ലാബ് | ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പി ടി എ | പി ടി എ |
| രക്ഷിതാക്കളെ ബോധവത്കരിക്കൽ | ക്ലാസ് പി ടി എ | എല്ലാ അധ്യപകരും | അധ്യാപകർ പി ടി എ പ്രസിഡന്റ് H M | |

# മേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക . ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നുസാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കി പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമികവർഷ ം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസുകൾ |
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലിമെന്റ് , മോക്ക് പാർലിമെന്റ് , പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമികവർഷത്തിൽ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നുആകാശ കാഴ്ചകൾ കൗതുകം ഇവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക . സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രൊജക്റ്റ്, ചർച്ചകൾ സംവാദം, ക്ലാസുകൾ അഭിമുഖം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭൂപട വായന | ഭൂമിശാസ്ത്ര പരമായ | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | | അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ,ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ചു കൂടുതൽ വ്യക്തമായ ധാരണകൾ നൽകുക. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും ജലാശങ്ങളെ കുറിച്ചും കാറ്റുകൾ,സമുദ്രങ്ങൾ, പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യംവളർത്തുക. | വിവിധ മേഖലകളെ കുറിച്ച കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കെട്ടും തൊട്ടറിഞ്ഞും പഠനം ഹറാമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മേഖല - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെക്കൊണ്ട് നിർമിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി ടി എ |
| | ക്ലാസ്സുകളിൽ ലഘു പ്രൊജെക്ടുകൾ കൊടുത്തു മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻ സ് അധ്യാപകർ | |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം ഒരു തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| <br><br><br>മാനവികതയിൽ<br>ഊന്നിയുള്ള ശാസ്ത്ര<br>ബോധം വളർത്തുക<br><br><br><br><br><br><br>പരിസ്ഥിതി സൗഹൃദ<br>മനോഭാവം<br>വളർത്തുക<br><br><br><br><br><br><br><br><br><br><br><br><br><br>അന്വേഷണ തൃഷ്ണ<br>വർധിപ്പിക്കൽ ,നേരറി<br>വ് നേടൽ | ശാസ്ത്ര ശില്പശാലകൾ<br>സംഘടിപ്പിക്കുന്നു.<br><br>ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി,<br>ശാസ്ത്ര മാസിക<br>പ്രസിദ്ധീകരണം<br><br>സയൻസ് ലാബ്,<br>ഐ ടി ലാബ് എന്നിവ<br>ആധുനികവൽക്കരിക്കുന്നു.<br><br>കുട്ടികളുടെ ആരോഗ്യരേഖ<br>സൂക്ഷിക്കുന്നു<br><br>തണൽ വൃക്ഷങ്ങൾ നാട്ടു<br>പിടിപ്പിക്കൽ ,ഔഷധ<br>തോട്ടവും പച്ചക്കറി തോട്ടവും<br>നട്ടുപിടിപ്പിക്കൽ<br><br>സമ്പൂർണ പ്ലാസ്റ്റിക് രഹിത<br>ക്യാമ്പസ്<br><br>പുതുപുത്തൻ സാങ്കേതിക<br>വിദ്യയും പുത്തൻ<br>കണ്ടെത്തലുകളും<br>പരിചയപ്പെടുന്നു.<br><br>സംസ്ഥാന ദേശീയ<br>തലത്തിലുള്ള ക്വിസ്സ് ,<br>സെമിനാർ, പ്രൊജക്റ്റ്<br>മുതലായവയിൽ പങ്കെടുക്കുന്നു<br><br>ശാസ്ത്രകാരന്മാരുമായി<br>സംവദിക്കൽ | അക്കാദമിക<br>വർഷം ഒരു<br>തവണ<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br><br>അക്കാദമിക<br>വർഷം<br>അക്കാദമിക<br>വർഷം ഒരു<br>തവണ | സയൻസ്<br>അധ്യാപകർ<br><br>സയൻസ്<br>അധ്യാപകർ<br><br>സയൻസ്<br>അധ്യാപകർ<br><br>സയൻസ്<br>അധ്യാപകർ<br><br>സയൻസ് ക്ലബ്ബ്<br>ഹരിതസേന<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്<br>പി ടി എ<br><br>പി ടി എ<br><br>സയൻസ് ക്ലബ്ബ് പി ടി<br>എ<br><br>ഹരിതസേന കൃഷി<br>വകുപ്പ്<br><br>രക്ഷിതാക്കൾ<br><br>പി ടി എ |

# മേഖല - ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർ ചർച്ചാരീതിയിൽ ഐസിടി സഹായത്തോടെ പൂർത്തീകരിക്കാനാധ്യാപകരെ പ്രാപ്തരാക്കുക | ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ഐസിടി പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | പി ടി എ |
| പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമാണങ്ങൾ സംഘടിപ്പിക്കുക ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിലുപയോഗിക്കുവാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | ഐ ടി ക്ലബ് |
| ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾനൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിമാറി വരുന്ന സാങ്കേതിക വിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവത്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | സൈബർ സെൽ ചൈൽഡ് ലൈൻ | |

| | | | | |
|---|---|---|---|---|
| ദുരുപയോഗങ്ങളെക്കുറ ിച്ചു വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക.<br><br>സ്മാർട്ട് റൂം ഫലപ്രദമായി രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ഐ ടി അധ്യാപകർ | |

| മേഖല – കലാരംഗം ,പ്രവർത്തിപരിചയം ,കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കലാമികവുള്ളവർക്ക പരിശീലനം. | ഉപകരണ സംഗീതത്തിനും മറ്റു കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ചു പരിശീലനം നൽകൽ | ആഴ്ചയിൽ ഒരുദിവസം | എസ് ആർ ജി | പി ടി എ |
| പ്രവർത്തിപരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | ആഴ്ചയിൽ ഒരുദിവസം | എസ് ആർ ജി | തദ്ദേശ സ്വയംഭരണ സ്ഥാപനം<br>പി ടി എ |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച താത്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും | കായികാധ്യാപകൻ | പി ടി എ |

ഉപസംഹാരം

ഗവണ്മെന്റ് മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ പരിയാരത്തിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനാപ്രവർത്തനങ്ങൾക്ക അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയത്.അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.